"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊതുഭരണ വകുപ്പിലെ സെക്ഷൻ ഓഫീസർ ആയ ശ്രീ. എൻ. അനിൽകുമാറിന്റെ കൊട്ടാരക്കര കില-സി.എച്ച്. ആർ.ഡി.-യിലെ ഓഫീസ് മാനേജർ തസ്തികയിലെ അന്യത്ര സേവനകാലാവധി ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

**സ.ഉ.(സാധാ) നം.1624/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 09/09/2020

---

പരാമർശം:- 1 10.05.2013-ലെ 42/2013/ധന നമ്പർ സർക്കുലർ.

2 28.11.2013-ലെ സ.ഉ. (അച്ചടി) നം. 580/2013/ധന.

3 28.07.2018-ലെ സ.ഉ.(സാധാ) നം.2063/2018/തസ്വഭവ

4 19.08.2019-ലെ സ.ഉ. (സാധാ) നം. 1790/2019/തസ്വഭവ

5 കില ഡയറക്ടർ ജനറലിന്റെ 24.06.2020-ലെ D/2018/101/3769/CHRD നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം, പൊതുഭരണ വകുപ്പിലെ സെക്ഷൻ ഓഫീസർ ആയ ശ്രീ. എൻ. അനിൽകുമാറിന് കൊട്ടാരക്കര കില-സി.എച്ച്.ആർ.ഡി.-യിൽ ഓഫീസ് മാനേജർ തസ്തികയിൽ ഒരു വർഷത്തേക്ക് അന്യത്ര സേവനം അനുവദിച്ച് ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (4) ഉത്തരവ് പ്രകാരം ടിയാന്റെ അന്യത്ര സേവനകാലാവധി 01.08.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. ശ്രീ.എൻ.അനിൽകുമാറിന്റെ അന്യത്രസേവന കാലാവധി 31.07.2020-ന് അവസാനിക്കുകയാണെന്നും ടി കാലാവധി 01.08.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നല്കണമെന്നും ആവശ്യപ്പെട്ട് പരാമർശം (5) പ്രകാരം കില ഡയറക്ടർ ജനറൽ ശുപാർശ സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുഭരണ വകുപ്പിലെ സെക്ഷൻ ഓഫീസർ ആയ ശ്രീ.എൻ.അനിൽകുമാറിന്റെ കൊട്ടാരക്കര കില-സി.എച്ച്.ആർ.ഡി.-യിലെ ഓഫീസ് മാനേജർ തസ്തികയിലെ അന്യത്ര സേവന കാലാവധി കെ.എസ്.ആർ. ഭാഗം (1) ചട്ടം 140 (സി)-യിലെ വ്യവസ്ഥകൾക്കും പരാമർശം (1) & (2) പ്രകാരമുള്ള സർക്കുലറിലെയും ഉത്തരവിലെയും നിബന്ധനകൾക്കും വിധേയമായി 01.08.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹരികുമാർ എ എസ്**
**അണ്ടർ സെക്രട്ടറി**

ശ്രീ.എൻ.അനിൽകുമാർ, ഓഫീസ് മാനേജർ, കില-സി.എച്ച്.ആർ.ഡി., കൊട്ടാരക്കര, കൊല്ലം.
(റീജിയണൽ ഡയറക്ടർ, കില-സി.എച്ച്.ആർ.ഡി. മുഖേന)
ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.
റീജിയണൽ ഡയറക്ടർ, കില-സി.എച്ച്.ആർ.ഡി., കൊട്ടാരക്കര, കൊല്ലം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ.), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ./ജി.&എസ്.എസ്.എ.) കേരള, തിരുവനന്തപുരം.
പൊതുഭരണ (സർവ്വീസസ്-ഇ) വകുപ്പ് (SE4/161/2020-GAD പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.